എ.വൈ.ആർ

സൂറ-10

# യൂനുസ്

قُلْ يَـٰٓأَيُّهَا ٱلنَّاسُ قَدْ جَآءَكُمُ ٱلْحَقُّ مِن رَّبِّكُمْ ۖ فَمَنِ ٱهْتَدَىٰ فَإِنَّمَا يَهْتَدِى
لِنَفْسِهِۦ ۖ وَمَن ضَلَّ فَإِنَّمَا يَضِلُّ عَلَيْهَا ۖ وَمَآ أَنَا۠ عَلَيْكُم بِوَكِيلٍ ﴿١٠٨﴾

**108** പ്രവാചകൻ പ്രഖ്യാപിക്കുക: അല്ലയോ മർത്യരേ, നിങ്ങളുടെ നാഥങ്കൽനിന്നുള്ള സത്യമിതാ നിങ്ങൾക്കു ലഭിച്ചു കഴിഞ്ഞിരിക്കുന്നു. ഇനി വല്ലവനും സന്മാർഗം സ്വീകരിച്ചെങ്കിൽ അതിന്റെ ഗുണം അവനുതന്നെ. ദുർമാർഗമാണ് സ്വീകരിച്ചതെങ്കിലോ അതിന്റെ ദോഷവും അവനുതന്നെ. ഞാൻ നിങ്ങളെ ഭരമേൽപിക്കപ്പെട്ടവനൊന്നുമല്ല.

وَٱتَّبِعْ مَا يُوحَىٰٓ إِلَيْكَ وَٱصْبِرْ حَتَّىٰ يَحْكُمَ ٱللَّهُ ۚ وَهُوَ خَيْرُ ٱلْحَـٰكِمِينَ
﴿١٠٩﴾

**109** പ്രവാചകാ, നിനക്ക് ലഭിക്കുന്ന ദിവ്യബോധനം പിന്തുടർന്നുകൊണ്ടിരിക്കുക. അല്ലാഹു തീരുമാനമെടുക്കുന്നതുവരെ ക്ഷമയോടെ വർത്തിക്കുക. അവൻ സർവോൽകൃഷ്ടനായ വിധികർത്താവാകുന്നു.

قُلْ = നീ പറയുക(പ്രവാചകൻ പ്രഖ്യാപിക്കുക) يَـٰٓأَيُّهَا ٱلنَّاسُ = അല്ലയോ മനുഷ്യരേ

قَدْ جَآءَكُمُ = തീർച്ചയായും നിങ്ങൾക്കു വന്നു (ലഭിച്ചു കഴിഞ്ഞിരിക്കുന്നു) ٱلْحَقُّ = സത്യം

مِن رَّبِّكُمْ = നിങ്ങളുടെ നാഥങ്കൽനിന്ന്

فَمَنِ ٱهْتَدَىٰ = ഇനി വല്ലവനും സന്മാർഗം സ്വീകരിച്ചെങ്കിൽ

فَإِنَّمَا يَهْتَدِى لِنَفْسِهِۦ = അവൻ സന്മാർഗം സ്വീകരിക്കുന്നത് അവനുവേണ്ടി മാത്രം

(അതിന്റെ ഗുണം അവനുതന്നെ)

وَمَن ضَلَّ = വല്ലവനും ദുർമാർഗമാണ് സ്വീകരിച്ചതെങ്കിലോ

فَإِنَّمَا يَضِلُّ عَلَيْهَا = അവൻ ദുർമാർഗം സ്വീകരിക്കുന്നത് അതിന്നെതിരിൽ മാത്രം

(അതിന്റെ ദോഷം അവനുതന്നെ)

وَمَآ أَنَا۠ = ഞാൻ അല്ല عَلَيْكُم = നിങ്ങളുടെ മേൽ

بِوَكِيلٍ = വക്കീൽ (ഭരമേൽപിക്കപ്പെട്ടവനൊന്നും) وَٱتَّبِعْ = നീ (പ്രവാചകൻ) പിന്തുടരുക

مَا يُوحَىٰٓ إِلَيْكَ = നിന്നിലേക്ക് ദിവ്യബോധനം ചെയ്യപ്പെടുന്നത്

(നിനക്ക് ലഭിക്കുന്ന ദിവ്യബോധനം)

وَٱصْبِرْ = നീ ക്ഷമി(മയോടെ വർത്തി)ക്കുക

حَتَّىٰ يَحْكُمَ ٱللَّهُ = അല്ലാഹു തീരുമാനം എടുക്കുന്നതുവരെ

وَهُوَ = അവൻ خَيْرُ ٱلْحَـٰكِمِينَ = വിധിക്കുന്നവരിൽ ഏറ്റം ഉത്തമനാകുന്നു

(സർവോൽകൃഷ്ടനായ വിധികർത്താവാകുന്നു)

**108:** ദൈവത്തിന്റെ ഏകത്വം, പ്രവാചക നിയോഗം, പരലോകം എന്നീ വിഷയങ്ങൾ തെളിവുകളും ന്യായങ്ങളും നിരത്തി സമർഥിക്കുകയായിരുന്നു സൂറയുടെ ആരംഭം മുതൽ ഇതുവരെ. അനന്തരം അറിയിക്കുകയാണ്: സത്യത്തിന്റെയും ധർമത്തിന്റെയും മൗലികമായ അധ്യാപനങ്ങൾ നിങ്ങൾക്കിതാ നൽകിക്കഴിഞ്ഞിരിക്കുന്നു. മൂലത്തിൽ ഉപയോഗിച്ച ٱلْحَقُّ(സത്യം) ന്റെ വിശാലമായ അർഥത്തിൽ യാഥാർഥ്യം, നീതി, ധർമം, നന്മ, ന്യായം തുടങ്ങിയ ആശയങ്ങളെല്ലാം ഉൾപ്പെടുന്നു. قَدْ جَآءَكُمُ ٱلْحَقُّ എന്ന വാക്യം, നിങ്ങൾക്ക് ലഭിച്ചിരിക്കുന്നത് സത്യത്തിന്റെയും ധർമത്തിന്റെയും സന്ദേശമാണെന്ന ആശയത്തിനു പുറമെ, അതുമായി നിങ്ങളുടെ മുന്നിലെത്തിയിരിക്കുന്നത് സത്യപ്രവാചകനാകുന്നു എന്ന ആശയത്തെയും ഉൾക്കൊള്ളുന്നു. ഈ സന്ദേശവും സന്ദേശവാഹകനും നിങ്ങൾക്കു ലഭിച്ചിരിക്കുന്നത് നിങ്ങളുടെ നാഥങ്കൽ നിന്ന് –مِن رَّبِّكُمْ– ആകുന്നു. പരിപാലകനും രക്ഷകനും, ശിക്ഷണം നൽകി വളർത്താനും സംരക്ഷിക്കാനും ഉത്തരവാദപ്പെട്ടവനും, യോഗ്യനുമായവനിൽ നിന്നുള്ളതാണ് ഈ അധ്യാപനം എന്ന ധ്വനിയുമുണ്ട് ഇവിടെ مِن رَّبِّكُمْ എന്ന വാക്കിൽ. അതിനാൽ 'റബ്ബിന്റെ' സൃഷ്ടികൾ അത് സ്വീകരിക്കാനും അനുസരിക്കാനും ബാധ്യസ്ഥരാകുന്നു.

മുഹമ്മദീയ പ്രബോധനം ലഭിക്കുന്ന എല്ലാ മനുഷ്യരോടുമുള്ളതാണീ പ്രഖ്യാപനം. ഖുർആൻ നേരിട്ട് ബോധനം ചെയ്തത് ഖുറൈശികളെയും അറേബ്യൻ ബഹുദൈവവിശ്വാസികളെയും വേദക്കാരെയുമാണെങ്കിലും യഥാർഥത്തിൽ അതിന്റെ തത്ത്വങ്ങളെല്ലാം മനുഷ്യരാശിക്കൊട്ടാകെയുള്ളതാണ്. അതിനാൽ അതിന്റെ യഥാർഥ സംബോധിതർ മനുഷ്യവർഗമാണ്. പലയിടത്തും അതു മനുഷ്യവർഗത്തെ ഒന്നടങ്കം തന്നെയാണ് സംബോധന ചെയ്യുന്നത്. ചില പ്രത്യേക സന്ദർഭങ്ങളിലും സാഹചര്യങ്ങളിലും ഖുറൈശികളെയോ അറബികളെയോ വേദക്കാരെയോ ഏതെങ്കിലും വ്യക്തിയെയോ അഭിസംബോധന ചെയ്തു സംസാരിക്കുമ്പോഴും അതിലടങ്ങിയ മൗലിക തത്ത്വവും നിയമവും എല്ലാ ജനങ്ങൾക്കും ഉള്ളതായിരിക്കും. ഉദാ: وَأَنذِرْ عَشِيرَتَكَ ٱلْأَقْرَبِينَ (നിന്റെ ഉറ്റവരായ കുടുംബത്തിന് മുന്നറിയിപ്പുനൽകുക) എന്നവാക്യം സംബോധന ചെയ്യുന്നത് പ്രവാചകനെയാണ്. അതിലടങ്ങിയ, പ്രബോധന പ്രവർത്തനങ്ങളിലേർപ്പെടുന്നവർ അതാദ്യം തുടങ്ങേണ്ടത് സ്വകുടുംബത്തിൽ നിന്നാകുന്നു എന്ന തത്ത്വം എല്ലാവർക്കുമുള്ളതാണ്.

പ്രവാചകൻ സത്യസന്ദേശം പ്രബോധനം ചെയ്യുന്നത് സ്വേഛാനുസാരമോ അദ്ദേഹത്തിന്റെ ഏതെങ്കിലും താൽപര്യം സംരക്ഷിക്കുന്നതിനുവേണ്ടിയോ അല്ല; അല്ലാഹു അദ്ദേഹത്തോട് കൽപിച്ചതനുസരിച്ച് മാത്രമാകുന്നു. അല്ലാഹുവിനു തന്റേതായ വല്ല ആവശ്യവും പരിഹരിക്കുന്നതിനുവേണ്ടിയുമല്ല നിങ്ങൾ ഈ ധർമസന്ദേശം സ്വീകരിക്കണമെന്ന് ഉപദേശിക്കുന്നത്. സ്വന്തം സൃഷ്ടികളെ ആശ്രയിക്കേണ്ട യാതൊരാവശ്യവും അല്ലാഹുവിനില്ല. ഈ സന്ദേശം നിങ്ങളുടെ നന്മക്കുവേണ്ടി മാത്രമുള്ളതാണ്. മനുഷ്യർ മനുഷ്യരെ അറിയാനും അവരുടെ ജന്മം സഫലീകരിക്കാനുമുള്ളത്. അതുകൊണ്ട് ആരെങ്കിലും ഈ ദൈവിക സന്ദേശം –ദീനുൽ ഇസ്‌ലാം– സ്വീകരിക്കുന്നുവെങ്കിൽ അതിന്റെ ഗുണം അവർക്കു തന്നെയാണ്; മറ്റാർക്കുമല്ല. അവർക്ക് ഈ ഭൂമിയിൽ സ്വന്തം അവസ്ഥ മനസ്സിലാക്കാം, അല്ലാഹുവിന്റെ പ്രതിനിധിയായി വർത്തിക്കാം, അതുവഴി ആനന്ദകരമായ പരലോക ജീവിതം പ്രാപിക്കാം. ഈ സന്ദേശം –ദൈവിക ദീൻ– തള്ളിക്കളയുന്നതിന്റെ ദോഷം അതു തള്ളിക്കളയുന്നവർക്കു തന്നെയാണ്. അല്ലാഹുവിനോ പ്രവാചകനോ മറ്റു വിശ്വാസികൾക്കോ ഒന്നും അതുകൊണ്ട് ഒരു ദോഷവുമില്ല. ദൈവിക ദീനിനെ തള്ളിക്കളയുന്നവരുടെ ഭൗതിക ജീവിതം അസത്യങ്ങളാലും അധർമങ്ങളാലും മലിനമാകുന്നു. ഭൗതിക ജീവിതത്തിൽ മലിനമായ ആത്മാവുകൾക്ക് മരണാനന്തരം സ്വർഗീയാനന്ദം വിലക്കപ്പെടുകയും നിത്യനരകം വിധിക്കപ്പെടുകയും ചെയ്യുന്നു. ബുദ്ധിയും വിവേചന ശക്തിയുമുള്ള മനുഷ്യന് സന്മാർഗമോ ദുർമാർഗമോ ഇഷ്ടമുള്ളത് തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യമുണ്ട്.

ഓരോ മനുഷ്യന്റെയും മാർഗം നിർണയിക്കുന്നത് അവന്റെ ബുദ്ധിയാണ്. ബുദ്ധി വേണ്ടവണ്ണം ഉപയോഗിക്കാതെ വികാരങ്ങൾക്കും നൈമിഷിക ഭ്രമങ്ങൾക്കും പിമ്പേ പായുമ്പോഴാണ് മനുഷ്യൻ വഴിപിഴക്കുന്നത്. ഈ ലോകത്തു നിറഞ്ഞു കിടക്കുന്ന ദൃഷ്ടാന്തങ്ങൾ കണ്ണുതുറന്നു കാണുന്നവരുടെ ഉൾക്കണ്ണുകൾക്ക് പ്രപഞ്ചത്തിന്റെ സ്രഷ്ടാവിനെ കാണാതിരിക്കാനാവില്ല. പക്ഷേ, ദൃഷ്ടാന്തങ്ങളെ വികാരങ്ങൾകൊണ്ടും താൽക്കാലിക അഭിനിവേശങ്ങൾകൊണ്ടുമാണ് വിലയിരുത്തുന്നതെങ്കിൽ ദൈവത്തിനു പകരം ചെകുത്താനെയായിരിക്കും കണ്ടെത്തുന്നത്. മനുഷ്യന്റെ ബുദ്ധിയെയും വിവേചന ബോധത്തെയും മാർഗദർശനം ചെയ്യാനാണ് പ്രവാചകന്മാർ നിയുക്തരാകുന്നത്. ബുദ്ധിയെ ശരിയായി ഉപയോഗിക്കാൻ തയാറാകുന്നവർക്കു മാത്രമേ പ്രവാചകന്മാരുടെ മാർഗദർശനം പ്രയോജനപ്പെടുത്താനും ജീവിതം സംസ്കരിക്കാനും കഴിയൂ. ബുദ്ധി ഉപയോഗിക്കാത്തവരുടെ ജീവിതം മലീമസമാവാൻ വിധിക്കപ്പെട്ടിരിക്കുന്നു. അതാണ്

നേരത്തെ, وَيَجْعَلُ ٱلرِّجْسَ عَلَى ٱلَّذِينَ لَا يَعْقِلُونَ (ബുദ്ധി ഉപയോഗിക്കാത്തവർക്ക് അവൻ മാലിന്യം വിധിക്കുന്നു) എന്നു പറഞ്ഞത്.

സന്മാർഗ വിഷയത്തിൽ പ്രവാചകന്മാരും ബുദ്ധിയും തമ്മിലുള്ള ബന്ധം വെളിച്ചവും കണ്ണും പോലെയാണ്. കണ്ണു തുറന്നുനോക്കിയാലേ വെളിച്ചം കാണൂ. ബുദ്ധിയാകുന്ന കണ്ണുതുറന്നാലേ പ്രവാചകന്മാർ പ്രസരിപ്പിക്കുന്ന സന്മാർഗം കാണാൻ കഴിയൂ. ഈയർഥത്തിലാണ് പ്രവാചകൻ سراج منير (കത്തുന്ന വിളക്ക്) എന്ന് വിശേഷിപ്പിക്കപ്പെടുന്നത്. അന്തർദൃഷ്ടി ഇറുകിയടച്ചവർ ഈ വെളിച്ചം കാണാൻ വിസമ്മതിക്കുന്നവരാണ്. കണ്ണുതുറക്കാത്തവർക്ക് ചുറ്റും വെളിച്ചമുണ്ടായതുകൊണ്ടു മാത്രം കാഴ്ചയുണ്ടാകാത്തതുപോലെ, ബുദ്ധി ഉപയോഗിക്കാത്തവരുടെ മുന്നിൽ പ്രബോധനവും വേദപ്രമാണങ്ങളും നിഷ്ഫലമാണ്. ബലാൽക്കാരം കണ്ണുതുറപ്പിക്കുക വെളിച്ചത്തിന്റെ ധർമമല്ല; മാർഗദർശനം ബലാൽക്കാരം വെച്ചുകെട്ടുക പ്രവാചകന്റെയും ദൗത്യമല്ല.

ജനങ്ങളെ എവ്വിധവും സന്മാർഗസ്ഥരാക്കുക എന്നു കൽപിച്ചുകൊണ്ടല്ല പ്രവാചകന്മാർ അയക്കപ്പെടുന്നത്; ജനങ്ങൾക്ക് സന്മാർഗ സന്ദേശം എത്തിച്ചുകൊടുക്കാൻ മാത്രമാണവർ കൽപിക്കപ്പെടുന്നത്. അതു സ്വീകരിക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കേണ്ടത് ജനങ്ങൾ തന്നെയാണ്. സ്വീകരിക്കുന്നതിന്റെയും നിരാകരിക്കുന്നതിന്റെയും ഫലം അനുഭവിക്കേണ്ടതും അവർ തന്നെ. അതിലൊന്നും പ്രവാചകന്മാർക്ക് ഉത്തരവാദിത്വമില്ല. ഇതാണ്, وَمَآ أَنَا۠ عَلَيْكُم بِوَكِيلٍ എന്ന വാക്യത്തിന്റെ താൽപര്യം.

**109:** പ്രവാചകൻ തനിക്കു ലഭിക്കുന്ന ദിവ്യസന്ദേശങ്ങൾ അനുസരിച്ചുകൊണ്ടിരിക്കണം. ദൈവിക സന്ദേശം ജനങ്ങളെ കേൾപ്പിക്കാൻ കൽപിക്കപ്പെട്ടാൽ അതു കേൾപ്പിച്ചുകൊണ്ടിരിക്കുക. ആളുകൾ അതു സ്വീകരിക്കുന്നോ ഇല്ലേ എന്നതു പ്രശ്നമാക്കേണ്ടതില്ല. സ്വീകരിച്ചാലും ഇല്ലെങ്കിലും പ്രബോധനം യഥാവിധി നിർവഹിച്ചാൽ ആ ചുമതല നിറവേറ്റപ്പെട്ടു. ദൈവിക ശാസനകൾ ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുന്നതോടൊപ്പം അവ സ്വന്തം ജീവിതത്തിൽ അനുസരിക്കലും പിന്തുടരലും إتبع എന്ന കൽപനയിൽ പെടുന്നു. കർമരൂപത്തിലുള്ള സന്ദേശമെത്തിക്കൽ –تبليغ– ആണത്. വാക്കും പ്രവൃത്തിയും ചേരുമ്പോഴേ പൂർണ രൂപത്തിലുള്ള പ്രബോധനമാകൂ.

പ്രബോധകൻ മനസാവാചാകർമണാ പ്രബോധനത്തിലേർപ്പെടുമ്പോഴാണ് 105–ാം സൂക്തത്തിൽ പറഞ്ഞ وَأَنْ أَقِمْ وَجْهَكَ لِلدِّينِ حَنِيفًا وَلَا تَكُونَنَّ مِنَ ٱلْمُشْرِكِينَ എന്ന കൽപന പാലിക്കപ്പെടുക. അത്തരം പ്രബോധകർ പ്രതിയോഗികളുടെ പരിഹാസത്തിനും ആക്ഷേപ ശകാരങ്ങൾക്കും ക്രൂരമായ മർദനങ്ങൾക്കും എല്ലാം ഇരകളാകും. ചിലപ്പോൾ ജീവനുതന്നെ ഭീഷണിയുയർന്നേക്കും. അല്ലാഹുവിന്റെ തീരുമാനം നടപ്പിലാകുന്നതുവരെ അതെല്ലാം ക്ഷമയോടെ, സ്ഥൈര്യത്തോടെ നേരിടാൻ അവർ തയാറാകണം. അല്ലാഹുവിന്റെ വിധി എന്തായിരിക്കുമെന്ന് ഇവിടെ പറയുന്നില്ലെങ്കിലും, സർവോൽകൃഷ്ടനായ വിധി കർത്താവാണവൻ എന്ന് ഓർമിപ്പിക്കുന്നുണ്ട്. പ്രവാചകന്മാരെ സംബന്ധിച്ചേടത്തോളം ഈ വിധി നേരത്തെ 103–ാം സൂക്തത്തിൽ പറഞ്ഞതു തന്നെയായിരിക്കുമെന്ന് മനസ്സിലാക്കാം. പ്രവാചകവര്യന്മാർ നേരിട്ട് ചെന്ന് സത്യപ്രബോധനം നടത്തിയിട്ടും അതു തള്ളിക്കളഞ്ഞ് കൊടിയ അധർമങ്ങളിലൂടെ മുന്നേറിയ സമൂഹങ്ങളുടെ കാര്യമാണത്. പ്രവാചക പരമ്പര സമാപിച്ചശേഷം അധർമത്തിലാണ്ടവർക്കെതിരെ ഉന്മൂലന ശിക്ഷ തുടരുമെന്ന് ഖുർആൻ പറയുന്നില്ല. എന്നാൽ ആളുകളിൽ തങ്ങളുടെ അപരാധങ്ങളെക്കുറിച്ച് ബോധവും ദൈവവിചാരവും ഉണർത്താനുതകുന്ന പരീക്ഷണങ്ങൾ എല്ലാ കാലത്തും ഉണ്ടായിരിക്കും. അത്തരം പരീക്ഷണങ്ങളിൽനിന്ന് സത്യപ്രബോധകരും മുക്തരാവണമെന്നില്ല. അതിനർഥം അവരുടെ കർമ

ങ്ങളെ അല്ലാഹു അവഗണിക്കുന്നു എന്നല്ല. പരീക്ഷണം അവരെയും ഉൾക്കൊള്ളുന്നു എന്നാണ്. പരീക്ഷണങ്ങളിൽ നിന്ന് പ്രവാചകന്മാർ പോലും മുക്തരായിരുന്നില്ല എന്ന് ഖുർആൻ സൂചിപ്പിക്കുന്നുണ്ട് (2:214). സത്യപ്രബോധകർക്ക് ഭൗതിക ലോകത്തു ലഭിച്ച ഫലം എന്തു തന്നെയായിരുന്നാലും അത് അന്തിമമല്ല. അന്തിമഫലം വിധിക്കപ്പെടുക പരലോകത്താണ്. അതു വിധിക്കുന്നതാവട്ടെ, നീതിമാന്മാരിൽ നീതിമാനായ അല്ലാഹുവാണ്. അവന്റെ വിധി അവരർഹിക്കുന്ന നീതി, സമ്പൂർണവും സമ്പുഷ്ടവുമായ രീതിയിൽ നൽകുമെന്നതിൽ സംശയമില്ല.

(കരുണാവാരിധിയായ അല്ലാഹുവിന്റെ അനുഗ്രഹത്താൽ സൂറഃ യൂനുസിന്റെ 'ബോധനം' ഇവിടെ സമാപിക്കുന്നു)